# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.561 - 10/03/2015 - ലെ മറുപടിക്ക്**

## നികുതി പിരിവ്

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2014-15 സാമ്പത്തിക വർഷം എത്ര തുക നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ചു; ആയതിന്റെ അടിസ്ഥാനത്തിൽ 2015 ജനുവരി 31 വരെ എത്ര തുക പിരിച്ചെടുക്കുവാൻ സാധിച്ചു; വിൽപന നികുതി, കാർഷികാദായ നികുതി എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ; | 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ചത് 42,467.49 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 2015 ജനുവരി 31 വരെ വില്പന നികുതി, കാർഷിക ആദായ നികുതി, മറ്റിനങ്ങളിൽ പിരിച്ചെടുക്കാൻ സാധിച്ച തുകയുടെ വിവരങ്ങൾ തരം തിരിച്ച് ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>നികുതി — പിരിച്ചെടുത്ത തുക<br>വില്പന നികുതി/വാറ്റ് — 22547.81<br>കാർഷിക ആദായ നികുതി — 4.07<br>മറ്റിനങ്ങൾ — 5888.58<br>ആകെ — 28440.46 |
| (ബി) ഈ സാമ്പത്തിക വർഷം നികുതി പിരിവിൽ വന്ന ഗുരുതര ചോർച്ചയും ചെക്ക് പോസ്റ്റുകളിൽ വ്യാപിച്ചു വരുന്ന കെടുകാര്യസ്ഥതയും അഴിമതിയും മൂലം നികുതി പിരിവിൽ സ്തംഭനം വന്നിട്ടുള്ളതായി കരുതുന്നുണ്ടോ; | ചെക്ക് പോസ്റ്റുകളിൽ കെടുകാര്യസ്ഥതയും അഴിമതിയും മൂലം നികുതി പിരിവിൽ ഗുരുതര ചോർച്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

| | |
|---|---|
| (ഡി) ഈ സാമ്പത്തിക വർഷം നികുതി പിരിവിലെ ഗുരുതര വീഴ്ചകൾ കണ്ടെത്തുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾ വഴി 2015 ജനുവരി 31 വരെ എത്ര തുക നികുതി വെട്ടിപ്പ് കണ്ടെത്തി ഖജനാവിലേയ്ക്ക് സമാഹരിക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കാമോ? | ഈ സാമ്പത്തിക വർഷം നികുതി പിരിവിലെ ഗുരുതര വീഴ്ചകൾ കണ്ടെത്തുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾ വഴി 2015 ജനുവരി 31 വരെ 144.79 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി ഖജനാവിലേക്ക് സമാഹരിക്കുവാൻ കഴിഞ്ഞു. ഇത് ഇന്റലിജൻസ് വിഭാഗം നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളിൽ നിന്നും ജാമ്യ തുകയും മുൻകൂർ നികുതിയും അടക്കം ഈടാക്കിയതാണ്. |

അക്കൗണ്ട്സ് ഓഫീസർ